# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ടി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ., തിരുവനന്തപുരം - 695 034

ഫോൺ : 0471-2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


നം. 8711/എ2/2022/കേ.സം.ബാ.സം.ക. തീയതി: 04-04-2024.

## ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഔദ്യോഗികാവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ കാർ (ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ അടിയന്തിരമായി ക്ഷണിക്കുന്നു.

താഴെ പറയുന്ന മോഡൽ 1 (ഒന്ന്) AC വാഹനങ്ങൾക്ക് പ്രതിമാസം 1500 കി.മീ. എന്ന നിരക്കിൽ ഓടുന്നതിനുള്ള ജി.എസ്.ടി. ഉൾപ്പെടെയുള്ള ചുരുങ്ങിയ നിരക്ക് കാണിച്ചിരിക്കണം. കൂടാതെ വാഹനത്തിന്റെ RC Book, ഇൻഷുറൻസ്, ഡ്രൈവറുടെ ലൈസൻസ് എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയിരിക്കണം. ക്വട്ടേഷൻ നൽകുന്ന സ്ഥാപനത്തിന്റെയോ ആളിന്റെയോ പേരിൽ വാഹനം രജിസ്റ്റർ ചെയ്തിരിക്കേണ്ടതുമാണ്. ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്യുന്ന ഏജൻസിയുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതും, അംഗീകരിക്കുന്ന ഏജൻസി എഗ്രിമെന്റ് തിയതി മുതൽ ഒരു വർഷക്കാലം നിശ്ചിത നിരക്കിൽ വാഹനങ്ങൾ സെക്രട്ടറി/അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും എത്തിച്ചു നൽകാമെന്ന് 200/- രൂപാ മുദ്രപത്രത്തിൽ കരാർ നൽകേണ്ടതുമാണ്. മുദ്രവച്ച ക്വട്ടേഷനുകൾ സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ, ടി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: ***15-04-2024 (12.00 noon)***. അന്നേ ദിവസം ***വൈകുന്നേരം 03.30***-ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. തത്സമയം അപേക്ഷകർ ഹാജരാകേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് ***"വാഹനത്തിനുള്ള ക്വട്ടേഷൻ"*** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

<u>ആവശ്യപ്പെടുന്ന വാഹനങ്ങളുടെ വിവരം</u>

1. ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം - 1
2. വാഹനങ്ങളുടെ മോഡലുകൾ (1500 CC - യിൽ താഴെ ഉള്ളവ)
   a) ടൊയോട്ട എത്യോസ്
   b) മാരുതിഡിസയർ,
   c) മഹീന്ദ്രാ വെരിറ്റോ
   d) തത്തുല്യ നിലവാരത്തിൽ ആയ ഇതരവാഹനങ്ങൾ

   } 5 വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ ആയിരിക്കണം

(ഒപ്പ്/-)

**സെക്രട്ടറി**

അംഗീകാരത്തോടെ,

(signature)

സെക്ഷൻ ഓഫീസർ.

NB:- കുറഞ്ഞത് മൂന്ന് ക്വട്ടേഷനെങ്കിലും ലഭിക്കണം.